**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3686** **26-10-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ കായിക മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക മേഖലയിൽ ഏതൊക്കെ പദ്ധതികളാണ് പുതുതായി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | കിഫ്ബി ധനസഹായത്തോടു കൂടി 2019-20, 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ 58 സ്റ്റേഡിയങ്ങളും (14 ജില്ലാ സ്റ്റേഡിയങ്ങളും, 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) ഉൾപ്പെടെയുള്ള നിർമ്മാണ പദ്ധതികളാണ് പുതുതായി നടപ്പിലാക്കി വരുന്നത്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ, പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്. കായികമേഖലയിൽ നടപ്പിലാക്കുന്ന മറ്റ് പുതിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. പഞ്ച് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പഞ്ച്. 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽ നിന്നും ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുകയാണ് പദ്ധതി മുഖേന |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നു. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. ജൂഡോക്ക സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായുള്ള പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കുന്ന പദ്ധതിയാണിത്. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലാണ് അക്കാഡമി തുടങ്ങുന്നത്. എല്ലാ ജനങ്ങൾക്കും കായികക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും നേടിക്കൊടുക്കുന്നതിനായി സാക്ഷരതാ മിഷൻ മാതൃകയിൽ, കായികക്ഷമതാ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി വൈകാതെ യാഥാർത്ഥ്യമാക്കുന്നതാണ്. കായിക അവബോധം സ്കൂൾ തലത്തിൽ തന്നെ തുടങ്ങേണ്ടത് അത്യാവശ്യമാണ്. കുട്ടികൾ അനാരോഗ്യശീലങ്ങൾക്ക് അടിമപ്പെടാതെ, അവരുടെ ആരോഗ്യം സംരക്ഷിക്കാനും മികച്ച ഒരു തലമുറയെ വാർത്തെടുക്കാനും ഇതു സഹായിക്കും. ഈ സാഹചര്യത്തിൽ കായിക വിദ്യാഭ്യാസം ചെറിയ ക്ലാസ്സുകളിൽ തന്നെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ധാരണയായിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗപ്പെടുത്തിയുള്ള വിവിധ കായിക പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | കണ്ണൂർ പരിയാരം ഗവ.മെഡിക്കൽ കോളേജിലും, തൃശ്ശൂർ കുന്നംകുളം ഗവ.ബോയ്സ് മോഡൽ സ്കൂളിലുമായി 400 മീറ്റർ സിന്തറ്റിക് അത്ലറ്റിക് ട്രാക്കുകളുടെ നിർമ്മാണത്തിനായി 7 കോടി രൂപ വീതം കേന്ദ്രസർക്കാരിന്റെ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനും സട്രെങ്ത് & കണ്ടീഷനിംഗ് ഉപകരണങ്ങൾ വാങ്ങുന്നതിനും ഫിസിയോ തെറാപ്പിക്കായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും അത്ലറ്റിക്സ്, ബോക്സിംഗ്, ജൂഡോ എന്നീ കായിക ഇനങ്ങൾക്കായുള്ള സ്പോർട്സ് കിറ്റുകൾ വാങ്ങുന്നതിനും കോച്ചുമാർക്കായുള്ള അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യം ഒരുക്കുന്നതിനും ലൈബ്രറി, ഓഫീസ് റൂം എന്നീ സൗകര്യങ്ങൾക്കും എന്നിവയ്ക്കായി തുക അനുവദിക്കുകയും ഇവയുടെ ടെണ്ടർ നടപടികൾ നടന്നു വരികയുമാണ്. 2020-21ൽ കേന്ദ്ര സർക്കാർ പദ്ധതിയായ, ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസായി തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂൾ തെരഞ്ഞെടുത്തിട്ടുണ്ട്. അത്ലറ്റിക്സ്, ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിലെ കുട്ടികൾക്ക് അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നതിനും ഉതകുന്ന വിധം പരിശീലനം നൽകുന്നതിനാവശ്യമായ പരിശീലകരെയും കായിക ഉപകരണങ്ങൾ, കളിസ്ഥലസൗകര്യങ്ങൾ എന്നിവ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ ജില്ലാ ഖേലോ ഇന്ത്യ സെന്റർ ഓഫ് എക്സലൻസും 2021-22ൽ അനുവദിച്ചിട്ടുണ്ട്. വോളിബോൾ, ഫുട്ബോൾ എന്നീ കായിക ഇനങ്ങളിലാണ് ഖേലോ ഇന്ത്യ ഈ വിദ്യാലയങ്ങളിൽ യഥാക്രമം പരിശീലനം നൽകുന്നത്. |
| (സി) | മഞ്ചേശ്വരം മണ്ഡലത്തിൽ കായിക മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും പദ്ധതികളുണ്ടോ എന്ന് അറിയിക്കുമോ? | (സി) | നിലവിൽ മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുവാൻ പ്രത്യേക പദ്ധതികളൊന്നും പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ